ഇൻസെന്റീവ് വിഷയത്തിൽ മാനേജ്മെന്റിന് അനുകൂലമായ സമീപനമാണ് ഉള്ള തെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പ്രശ്ന പരിഹാരമുണ്ടാക്കാമെന്നും ചെയർമാൻ ഉറപ്പു നല്കി. **സാലറി ചലഞ്ച്** വിഷയത്തിൽ നമ്മുടെ നിർദ്ദേശം അംഗീക രിക്കുന്നുവെന്നും ഒരു മാസത്തെ ശമ്പളം 30 മാസത്തെ തവണകളായി തിരിച്ചുപിടി ക്കാമെന്നും ദുരിതത്തിൽപെട്ട ജീവനക്കാർക്ക് 1 ലക്ഷം രൂപ വരെ പലിശരഹിത വായ്പ അനുവദിക്കുന്നതാണ്. ആഗസ്റ്റ് 16,17,18 തീയതികളിൽ സ്പെഷ്യൽ ലീവ് അനുവദിക്കുന്നതാ ണ്. ഇതിനുപുറമെ ക്യാമ്പിൽ താമസിക്കേണ്ടിവന്നവർക്ക് പ്രത്യേക ലീവ് അനുവദിക്കുന്ന താണ്.

നമ്മുടെ സ്ഥാപനത്തിന് മുമ്പ് ലാത്തൂർ ഭൂകമ്പം ഉണ്ടായപ്പോഴും സുനാമി ദുരിതമു ണ്ടായപ്പോഴും ഓഖി ദുരിതം ഉണ്ടായപ്പോഴും ഒറ്റക്കെട്ടായി നിന്ന ജീവനക്കാർ സങ്കുചിത രാഷ്ട്രീയ ലക്ഷ്യത്തോടെ പ്രവർത്തിക്കുകയാണ്. നമ്മുടെ സ്ഥാപനത്തെയും ജീവനക്കാ രെയും ഇത്രയും വളർത്തിയ കേരളീയ സമൂഹത്തോടുള്ള പ്രതിബദ്ധത നാം ഉറപ്പാക്കേണ്ട തുണ്ട്. **''ഞാൻ കേരളത്തോടൊപ്പം പ്രളയത്തിൽ തകർന്ന കേരള സൃഷ്ടിക്കായി എന്റെ വക കൈത്താങ്ങ് - ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയി ലേക്ക് നല്കുന്നു''** എന്ന പ്രതിജ്ഞ എല്ലാ അംഗങ്ങളും ഏറ്റെടുക്കണം. **'സാലറി ചലഞ്ച്'** സമ്പൂർണ്ണ വിജയമാക്കണമെന്ന് എല്ലാ ജീവനക്കാരോടും അഭ്യർത്ഥിക്കുന്നു.

നമ്മുടെ ഗ്രാറ്റുവിറ്റി ഫണ്ട് കൈകാര്യം ചെയ്യുന്നത് LIC ആണ്. LIC നമുക്ക് നല്കുന്ന വാർഷിക റിട്ടേൺ 7.75% ആണ് ഇപ്പോൾ SBI LIFE, HDFC Standard Life തുട ങ്ങിയ കമ്പനികൾ 8.50% വരെ നല്കാമെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഗ്രാറ്റുവിറ്റി ഫണ്ട് മാനേജ്മെന്റ് LIC യിൽ നിന്നും വിടുതൽ ചെയ്ത് മറ്റേതെങ്കിലും കമ്പനിയെ ഏൽപ്പി ക്കണമെന്നും മാനേജ്മെന്റ് ആവശ്യപ്പെട്ടു. എന്നാൽ വിശദമായ പഠനത്തിനു ശേഷം മാത്രമെ ഈ വിഷയത്തിൽ പ്രതികരിക്കാനാകൂ എന്നും LIC യുമായി കൂടുതൽ ചർച്ചകൾ നടത്തണമെന്നും നാം ആവശ്യപ്പെട്ടു. IRDAരൂപീകരണവേളയിൽ എല്ലാ വിദേശ ഇൻഷ്വറൻസ് കമ്പനികൾക്കും വാതിൽ തുറന്നിട്ട ഇൻഡ്യൻ ANP SANMAR ഇൻഷ്വ റൻസിന് എന്ന വിദേശ കമ്പനിയുടെ ദുരവസ്ഥ എന്തായിരുന്നുവെന്ന് അന്വേഷിക്കണ മെന്നും നാം ആവശ്യപ്പെട്ടു. തുടർന്ന് യോഗം 5 മണിക്ക് പിരിഞ്ഞു.

അഭിവാദനങ്ങളോടെ

തോമസ് പണിക്കർ. ജി
ജനറൽ സെക്രട്ടറി.